ല ൂ ക്ക ാ  9 : 1 – 6

**2024 ജൂൺ 2**

# വചനഭാഷ്യം

**ഡോ. സി. ഗ്ലാഡിസ് CMC**

## ശ്ലീഹരെ അയയ്ക്കുന്നു

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ യേശുവിന്റെ ഗലീലിയയിലെ പ്രേഷിത പ്രവർത്തനത്തിന്റെ സമാപനത്തോട് അനുബന്ധിച്ചു വരുന്ന സുവിശേഷ ഭാഗമാണ് ഇത്. വിളിക്കപ്പെട്ട അപ്പസ്തോലന്മാർ യേശുവിനോടു കൂടെ അവിടത്തെ പ്രവർത്തനങ്ങളിൽ വളരെ ക്രിയാത്മകമായി മുഴുകിയതായി വിവരിക്കുന്ന എട്ടാം അധ്യായത്തിനുശേഷം വരുന്ന ഈ സുവിശേഷ ഭാഗം ശിഷ്യത്വത്തിന്റെ ക്രിസ്തുശാസ്ത്രം വ്യക്തമാക്കുന്നു. ഇവിടെ യേശു തന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരെ അയയ്ക്കുമ്പോൾ പത്താം അധ്യായത്തിൽ 72 ശിഷ്യന്മാരെയാണ് അയയ്ക്കുക. ഇവിടെയും തത്തുല്യമായ നിർദേശങ്ങൾ കാണാനാകും.

അപ്പസ്തോലൻ എന്ന വാക്കിന്റെ അർത്ഥം അയയ്ക്കപ്പെട്ടവൻ എന്നാണല്ലോ. യേശു 12 പേരെ അരികെ വിളിച്ചത് തന്നോടൊപ്പം ആയിരിക്കാൻ മാത്രമല്ല, കൂടെയായിരുന്ന് യേശുവിന്റെ പ്രേഷിതപ്രവർത്തനത്തിന്റെ മാതൃക പിൻചെന്ന് ദൈവരാജ്യവിപുലീകരണത്തിൽ മുഴുകുവാനാണ്. ആകയാൽ അപ്പസ്തോലന്മാർ എന്തിന് വിളിക്കപ്പെട്ടുവോ ആ ദൗത്യത്തിലേക്ക് അവർ പ്രവേശിക്കുകയാണ്.

യേശു അവരെ അയയ്ക്കുന്നത് വേണ്ടതായ എല്ലാ ശക്തിയും അധികാരവും നൽകിക്കൊണ്ടാണ്. മർക്കോസ് സുവിശേഷത്തിൽ അധികാരം നൽകുന്നതിന് പ്രാധാന്യം കൊടുക്കുമ്പോൾ, ലൂക്കാ ആത്മീയശക്തികൾ അപ്പസ്തോലർക്ക് കൊടുക്കുന്നതിനെക്കുറിച്ച് പറയുന്നു. എല്ലാ തരത്തിലും ഉള്ള പിശാച്ബാധകളെ മറികടക്കുവാനുള്ള ആത്മീയ ശക്തിയും, രോഗങ്ങൾ സുഖപ്പെടുത്താനുള്ള കഴിവുകളുമാണ് ഊന്നിപ്പറയുന്നത്.

തുടർന്ന് യേശു ഇവർക്ക് നൽകുന്ന നിർദേശങ്ങളാണ്. ഇവയാകട്ടെ അവിടുത്തെ ജീവിതശൈലി തന്നെയാണ്. അപ്പസ്തോലൻ തന്റെ ദൗത്യവഴിയിൽ യേശുവിനെ പോലെ ദാരിദ്ര്യവും, പരിപൂർണ്ണ ദൈവാശ്രയവും, മനുഷ്യരിൽ നിന്നുള്ള തിരസ്ക്കരണങ്ങളും മറികടന്ന് മുന്നേറേണ്ടതുണ്ട് എന്നുള്ളതാണ് ഈ നിർദേശങ്ങളുടെ അന്തസത്ത.

മറ്റു സുവിശേഷങ്ങളിൽ ശിഷ്യന്മാരെ അയയ്ക്കുമ്പോൾ കൊടുക്കുന്ന നിർദേശങ്ങളെക്കാളും കൂടുതൽ സമഗ്രമായതാണ് ലൂക്കായുടെ വിവരണം. ദൗത്യനിർവഹണത്തിനുള്ള നിർദേശങ്ങൾ യേശു ഇവിടെ നൽകുമ്പോൾ പ്രേഷിത പ്രവർത്തന ഇടങ്ങളെക്കുറിച്ച് പ്രത്യേകിച്ച് നിർദേശങ്ങൾ ഒന്നും നൽകുന്നില്ല. യേശുവിന്റെ സാർവത്രിക രക്ഷ ഏതാനും ഇടങ്ങളിലോട്ട് ഒതുക്കപ്പെടുന്നതല്ല എന്നതും ഇവിടെ വ്യംഗ്യമായി പ്രതിപാദിക്കുന്നു.

ഈ നിർദേശങ്ങളിൽ പ്രഥമമായത് ദൈവരാജ്യപ്രഘോഷണമാണ്. മർക്കോസ് സുവിശേഷം ഇത് ഊന്നി പറയുന്നില്ല. എന്നാൽ ലൂക്കാ പത്താം അധ്യായത്തിൽ 72 ശിഷ്യന്മാരെ അയയ്ക്കുമ്പോഴും ദൈവരാജ്യപ്രഘോഷണം എന്ന സദ്വാർത്ത അറിയിക്കുന്നതിനുള്ള നിർദേശം നൽകുന്നുണ്ട്.

രണ്ടാമത്തെ നിർദേശം ഏറ്റവും ചുരുങ്ങിയ സാമഗ്രികൾ കൊണ്ട് യാത്ര ചെയ്യുക എന്നതാണ്. ഭൗതികവസ്തുക്കളുടെ കുറവ് പ്രേക്ഷിത പ്രവർത്തനത്തിൽ ദൈവത്തിലുള്ള പരിപൂർണ്ണ ആശ്രയത്തെ അടിവരയിടുന്നു. ദൈവം തന്റെ പ്രവർത്തികൾ ചെയ്യുന്നവർക്കു വേണ്ടതു പ്രദാനം ചെയ്തുകൊള്ളും. ലൂക്കാ സുവിശേഷം ചെരിപ്പ് ധരിക്കേണ്ടതില്ല എന്ന് പറയുന്നില്ല ആകയാൽ ചെരിപ്പ് ധരിക്കാം എന്ന് പരോക്ഷമായി മനസ്സിലാക്കാവുന്നതാണ്. മർക്കോസ് സുവിശേഷം ചെരുപ്പ് ധരിക്കുവാൻ അനുവദിക്കുന്നുണ്ട്. ചില ദൈവശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ ശിഷ്യത്വത്തെ സൂചിപ്പിക്കുന്നതാണ് ചെരുപ്പ് ധരിക്കൽ. രണ്ടു കുപ്പായങ്ങൾ പാടില്ല എന്നതിനെ രണ്ടു കുപ്പായങ്ങൾ ധരിക്കരുത് എന്നാണ് വിശുദ്ധ അഗസ്റ്റിൻ വ്യാഖ്യാനിക്കുക. കാപട്യത്തിൽ അല്ല ലാളിത്യത്തിലാണ് സുവിശേഷം പ്രഘോഷിക്കപ്പെടേണ്ടത് എന്നും അദ്ദേഹം വിശദീകരിക്കുന്നു.

മൂന്നാമതായി, എത്തിച്ചേരുന്ന പ്രദേശങ്ങളിൽ തങ്ങളുടെ താമസത്തിനും ജീവിതത്തിനും വേണ്ടതായ കാര്യങ്ങളെക്കുറിച്ചുള്ള മനോഭാവമാണ്. എന്ത് ലഭിക്കുന്നുവോ അതുകൊണ്ട് സംതൃപ്തരാവുക, കൂടുതൽ സുഖസൗകര്യങ്ങൾക്കായി ചുറ്റിനടന്ന് അന്വേഷിക്കരുത്. ക്രിസ്തു ശിഷ്യനെ ഉചിതമായ ഇടുങ്ങിയ വഴിയിടങ്ങളാണ് ഇവിടെ സൂചിതമായിരിക്കുന്നത്.

അവസാനമായി, അപ്പസ്തോലന്മാരുടെ ദൈവരാജ്യത്തിന്റെ പ്രഘോഷണവും അതിന്റെ പ്രവർത്തികളും തിരസ്കരിക്കുന്നവരെ സംബന്ധിച്ചുള്ളതാണ്. ദൈവരാജ്യത്തിന്റെ സുവിശേഷം സ്വീകരിക്കാത്തവരുടെ ഇടങ്ങളിൽ തുടരേണ്ടതില്ല, മറിച്ച്, മറുതലിക്കുന്നവരോട് അപ്പസ്തോലന് ഉണ്ടാവേണ്ട മനോഭാവം യഹൂദർ വിജാതീയരോട് പ്രകടമാക്കുന്നതുപോലെയുള്ളതാണ്. അതായത് കാലിലെ പൊടിതട്ടിക്കളയുന്നതിലൂടെ വിജാതീയരുമായി തങ്ങൾക്ക് ഒരു ബന്ധവും ഇല്ല എന്ന് വ്യക്തമാക്കുന്ന യഹൂദരുടെ അതേ പ്രവർത്തി ചെയ്യാനാണ് യേശു അവരെ ഉദ്ബോധിപ്പിക്കുക. സുവിശേഷം സ്വീകരിക്കാത്തവർ യേശു സ്ഥാപിച്ച ഇസ്രായേലിന്റെ ഭാഗമല്ല എന്ന സൂചനയാണ് ഈ പ്രവർത്തിയിലൂടെ വ്യക്തമാക്കുന്നത്.

ഈ സുവിശേഷഭാഗത്തിന്റെ അവസാനത്തിൽ ശിഷ്യന്മാർ യേശു എന്തിനായ് അയച്ചു അപ്രകാരം തന്നെ പ്രവർത്തിച്ചു എന്ന് സാക്ഷ്യപ്പെടുത്തുന്നു. ഗ്രാമങ്ങൾ തോറും സുവിശേഷം പ്രസംഗിക്കുകയും 'എല്ലായിടത്തും' രോഗശാന്തി നൽകുകയും ചെയ്തു. സുവിശേഷം അഥവാ യേശുവിന്റെ രക്ഷ 'എല്ലായിടത്തും' ഉള്ളവർക്കുവേണ്ടിയുള്ളതാണ് എന്ന് ഒരിക്കൽ കൂടി വ്യക്തമാക്കുന്നു.

തുടർന്നുവരുന്ന സുവിശേഷ ഭാഗം സ്നാപകയോഹന്നാന്റെ വധവും ഹെറോദേസിന്റെ ഉത്ക്കണ്ഠയും വിവരിക്കുന്നത് ദൈവരാജ്യ പ്രഘോഷണ വഴിയിൽ അഭിമുഖീകരിക്കേണ്ടിവരുന്ന സഹനങ്ങളെയും പ്രതിസന്ധികളെയും പരോക്ഷമായി ഓർമ്മിപ്പിക്കുന്നുണ്ട്.

ചുരുക്കത്തിൽ, ദൈവരാജ്യപ്രഘോഷണത്തിന് ശുശ്രൂഷയുടെ മാതൃകയിൽ ശിഷ്യന്മാർ അയയ്ക്കപ്പെട്ടു. അന്ന് യേശു ശിഷ്യന്മാർക്ക് നൽകപ്പെട്ട അതേ മാതൃകയിൽ, ആദിമ ക്രൈസ്തവ സമൂഹം മുതൽ ഇന്നുവരെയും ക്രിസ്തുവിന്റെ മിഷണറിമാർ ഇതേ പ്രേക്ഷിത പ്രവർത്തന ശൈലി തുടർന്നുകൊണ്ടിരിക്കുന്നു. യേശു നൽകിയ അധികാരം ഉപയോഗിച്ച് അഥവാ യേശുവിന്റെ അധികാരത്തിൻ കീഴിലാണ് അപ്പസ്തോലർ ദൈവരാജ്യം പ്രഘോഷണയാത്ര നടത്തിയത്. എ